(സി) ഓരോ ഫാമുകളിലും നടത്തുന്ന കാർഷികവൃത്തികളോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഉളവാകുന്ന തൊഴിൽ ലഭ്യതയുടെ തോതനുസരിച്ചാണ് താൽക്കാലിക ജീവനക്കാർക്ക് തൊഴിൽ നൽകുന്നത്.

കാർഷിക സർവ്വകലാശാലയിൽ വിവിധ ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുവാൻ നടപടി

94 [2961] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ വിവിധ ഫാമുകളിലായി എത്ര സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിലേയ്ക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കാൻ നിലവിലുള്ള ജി.എ. (എഫ് 2)/43242/99 തീയതി 13-3-2000 എന്ന ഉത്തരവുപ്രകാരം അതാതു ഫാം മേധാവികൾക്ക് അധികാരം നൽകിയിട്ടും പ്രസ്തുത ഉത്തരവു നടപ്പിലാക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(സി) കാഷ്വൽ തൊഴിലാളികൾക്ക് പ്രതിമാസം ചുരുങ്ങിയത് 15 ദിവസമെങ്കിലും ജോലി നൽകുവാനും, ഒഴിവുള്ള സ്ഥിരം സ്ഥാനങ്ങളിൽ പുരുഷ തൊഴിലാളികളുടെ അഭാവത്തിൽ സ്ത്രീ തൊഴിലാളികളെ നിയമിക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) കേരള സർവ്വകലാശാല ഫാംവർക്കേഴ്സ് യൂണിയൻ കാർഷിക സർവ്വകലാശാലയ്ക്ക് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) 712 സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളുണ്ട്

(ബി) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(സി) ഫാമിൽ നടത്തുന്ന കാർഷികവൃത്തികളോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഉളവാകുന്ന തൊഴിൽ ലഭ്യതയുടെ തോതനുസരിച്ചു താൽക്കാലിക തൊഴിലാളികൾക്ക് ജോലി നൽകുന്നതാണ്. തെങ്ങുകയറ്റംപോലെയുള്ള പുരുഷ അദ്ധ്വാനം ആവശ്യമായി വരുന്ന സ്ഥാനങ്ങളിൽ സ്ത്രീ തൊഴിലാളികളെ നിയമിക്കുവാൻ നിർവ്വാഹമില്ല.

(ഡി) കാർഷിക സർവ്വകലാശാലയിലെ ഫാം വർക്കേഴ്സ് യൂണിയൻ സർവ്വകലാശാലയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിലെ ആവശ്യങ്ങൾ സർവ്വകലാശാലയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly